(സി) കെട്ടിടത്തിന്റെ മുൻവശമുള്ള മുറിയിലെ ചുമരുകൾക്കും മേൽക്കൂരയ്ക്കും സംഭവിച്ച സാരമായ കേടുപാടുകൾക്ക് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെയും മുകളിലുള്ളവരുടെയും ലിസ്റ്റ്

164 (1633) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെയും മുകളിലുള്ളവരുടെയും ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പ്രസിദ്ധീകരിച്ച പ്രസ്തുത കണക്കിൽ ഒട്ടേറെ അപാകതകൾ ഉണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് പ്രസ്തുത അപാകതകൾ പരിഹരിച്ച് ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടന്നു വരുന്നതേയുള്ളൂ. സെൻസസ് പൂർത്തീകരിച്ചിട്ടില്ല.

(ബി) ഒമ്പതാം പദ്ധതിക്കായി നടത്തിയ ദാരിദ്ര്യരേഖാ സെൻസസ്പ്രകാരം തയ്യാറാക്കിയ സെൻസസ് ലിസ്റ്റിൽ അപാകതകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഒൻപതാം പദ്ധതിക്കാലത്തേയ്ക്കുള്ള ദാരിദ്ര്യരേഖാ സെൻസസ് ലിസ്റ്റിൻമേലുള്ള ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുകയും അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി 10-ാം പദ്ധതിക്കാലത്തേക്ക് പുതിയ ദാരിദ്ര്യരേഖാ സെൻസസ് നടന്നുവരികയാണ്. 2003 സെപ്റ്റംബർ മാസാവസാനത്തോടെ ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഡി.ആർ.ഡി.എ. പദ്ധതികളിൽ എം.എൽ.എ.-മാരുടെ അഭിപ്രായമാരായാൻ നടപടി

165 (1634) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി. ആർ. ഡി. എ. യിലൂടെ നടപ്പാക്കുന്ന വിവിധ പദ്ധതികൾ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ പ്രദേശത്തെ എം.എൽ.എ.മാരുടെ അഭിപ്രായം പരിഗണിക്കപ്പെടുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പദ്ധതികൾ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ എം.എൽ.എ.മാരുടെ അഭിപ്രായം ആരായണമെന്ന നിർദ്ദേശം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഡി.ആർ.ഡി.എ.കളുടെ നിയന്ത്രണത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ പി.എം.ജി.എസ്.വൈ. ഒഴികെയുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ അംഗീകരിക്കുന്ന ജില്ലാ പ്ലാനിംഗ് കമ്മിറ്റി യോഗത്തിൽ എം.എൽ.എ.മാരെ പ്രത്യേകം ക്ഷണിക്കുന്നതിന് നിർദ്ദേശമുണ്ട്. പി.എം.ജി.എസ്.വൈ. പ്രകാരമുള്ള പ്രോജക്ടുകളുടെയും പാക്കേജുകളുടേയും മുൻഗണന നിശ്ചയിക്കുന്നതിന് ജില്ലാ പഞ്ചായത്ത്, എം.പി.മാർ, എം.എൽ.എ.മാർ എന്നിവരുടെ സംയുക്ത യോഗം വിളിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ പദ്ധതികൾക്ക് അംഗീകാരം നൽകുന്ന അവസരത്തിൽ എം.എൽ.എ.മാരുടെ അഭിപ്രായംകൂടി പരിഗണിക്കുന്നതിന് ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്.

ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടപ്പാക്കിയ പദ്ധതികൾ

166 (1635) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പു വഴി ചാലക്കുടി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഇക്കഴിഞ്ഞ രണ്ട് വർഷങ്ങൾക്കുള്ളിൽ കേന്ദ്രാവിഷ്കൃതവും സംസ്ഥാനാവിഷ്കൃതവുമായി നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ ;

(സി) 2003-04 സാമ്പത്തിക വർഷത്തിൽ എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പിലാക്കുവാൻ പോകുന്നത് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഇക്കഴിഞ്ഞ രണ്ട് വർഷങ്ങൾക്കുള്ളിൽ കേന്ദ്രാവിഷ്കൃതവും സംസ്ഥാനാവിഷ്കൃതവും ആയി ഗ്രാമവികസന വകുപ്പ് വഴി നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ *അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.

(ബി) പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾ 31-3-2004-ന് മുമ്പ് പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 2003-04 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികളുടെ വിശദവിവരം *അനുബന്ധം 11-ൽ ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly